ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07-06-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ-ഇന്തോനേഷ്യ സംയുക്ത കമ്മീഷൻ യോഗം ന്യൂഡൽഹിയിൽ സമാപിച്ചു; സമഗ്ര തന്ത്രപ്രധാന പങ്കാളിത്തം സമീപ വർഷങ്ങളിൽ വലിയ മുന്നേറ്റം കൈവരിച്ചെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ.

   **The India–Indonesia Joint Commission Meeting concluded in New Delhi. External Affairs Minister S. Jaishankar said the Comprehensive Strategic Partnership between the two countries has made significant progress in recent years.**

2. അന്താരാഷ്ട്ര അതിർത്തികളിലെ സാമ്പത്തിക-വസ്തു ഇടപാടുകൾ കർശനമായി നിരീക്ഷിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah has called for strict monitoring of financial and property transactions across international borders.**

3. പ്രശസ്ത നടൻ സലിംകുമാറിന് വിടയേകി കേരളം ; അനുശോചനമറിയിച്ച് പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും.

   **Kerala bids farewell to renowned actor Salim Kumar. The Prime Minister and the Chief Minister have expressed their condolences.**

4. സി.ബി.എസ്.ഇ 12-ാം ക്ലാസ് പരീക്ഷാപേപ്പർ പുനർമൂല്യനിർണയത്തിന് അപേക്ഷിക്കാനുള്ള അവസരം ഇന്ന് അവസാനിക്കും.

**The deadline for applying for re-evaluation of Central Board of Secondary Education Class 12 examination papers ends today.**

5. **കേരളത്തിൽ ബുധനാഴ്ച വരെ കനത്ത മഴയ്ക്ക് സാധ്യത. ഏഴ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതാ നിർദേശം; കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക്.**

**Heavy rainfall is likely to continue in Kerala till Wednesday. An Orange Alert has been issued in seven districts today. Fishing has been banned along the coasts of Keralam, Karnataka and Lakshadweep until the day after tomorrow.**

6. **അഫ്ഗാനിസ്ഥാനെതിരായ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് കൂറ്റൻ സ്കോർ; ഫോളോ ഓൺ ഭീഷണിയിൽ അഫ്ഗാൻ.**

**India posts a massive score in the cricket Test against Afghanistan, putting the visitors under the threat of a follow-on.**

**&&&&&&&&&&&&&&&&&&**

## EVE INDIA-INDONESIA MEETING

ഇന്ത്യ-ഇന്തോനേഷ്യ സംയുക്ത കമ്മീഷൻ യോഗം ന്യൂഡൽഹിയിൽ സമാപിച്ചു. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറും ഇന്തോനേഷ്യൻ വിദേശകാര്യ മന്ത്രി സുഗിയോണോയും യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള സമഗ്ര തന്ത്രപരമായ പങ്കാളിത്തം സമീപ വർഷങ്ങളിൽ വലിയ മുന്നേറ്റം കൈവരിച്ചെന്ന് ഡോ. ജയശങ്കർ പറഞ്ഞു. നാലുവർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇന്ത്യ-ഇന്തോനേഷ്യ സംയുക്ത കമ്മീഷൻ യോഗം ചേരുന്നത്.

**&&&&&&&&&&&&&&&&&&**

## AMIT SHAH

അന്താരാഷ്ട്ര അതിർത്തികളിലെ സാമ്പത്തിക, വസ്തു ഇടപാടുകൾ കർശനമായി നിരീക്ഷിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ അതിർത്തി പ്രദേശങ്ങളുമായി ബന്ധപ്പെട്ട് ബിഎസ്എഫിന്റെ ത്രിപുര ഫ്രോണ്ടിയർ ആസ്ഥാനത്ത് നടന്ന യോഗത്തിലാണ് നിർദ്ദേശം നൽകിയത്. കഴിഞ്ഞ അഞ്ച് വർഷത്തെ ഭൂമിരേഖകൾ പരിശോധിക്കണമെന്നും മയക്കുമരുന്ന്, ആയുധക്കടത്ത് എന്നിവയ്ക്കെതിരെ കർശന നടപടികൾ ഉണ്ടാകണമെന്നും ശ്രീ അമിത് ഷാ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## SALIM KUMAR

പ്രിയ നടൻ സലിം കുമാറിന് വിടയേകി കേരളം. വൈകിട്ട് മൂന്നരയോടെ എറണാകുളം പറവൂരിലെ വീട്ടുവളപ്പിൽ ഭൗതികശരീരം സംസ്കരിച്ചു. ഔദ്യോഗിക ബഹുമതികളോടെയായിരുന്നു സംസ്കാര ചടങ്ങുകൾ. പറവൂർ ടൗൺഹാളിലും വീട്ടുവളപ്പിലും ഭൗതിക ദേഹം പൊതുദർശനത്തിനു വച്ചപ്പോൾ ആയിരക്കണക്കിനുപേരാണ് അന്ത്യോപചാരം അർപ്പിക്കാൻ എത്തിയത്.

&&&&&&&&&&&&&&&&&&

## SALIM KUMAR- PM, CM

നടൻ സലിം കുമാറിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു. വൈവിധ്യമാർന്ന അഭിനയശൈലിയിലൂടെയും അനശ്വരമായ കഥാപാത്രങ്ങളിലൂടെയും വ്യക്തിമുദ്ര പതിപ്പിച്ച കലാകാരനായിരുന്നു സലിം കുമാറെന്ന് പ്രധാനമന്ത്രി കുറിച്ചു. രാഷ്ട്രീയ ബോധ്യത്തിൽ ഒട്ടും വെള്ളം ചേർക്കാത്ത വ്യക്തിയായിരുന്നു സലിം കുമാറെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ അനുസ്മരിച്ചു.

&&&&&&&&&&&&&&&&&&

## CBSE-REEVALUATION CLASS 12

CBSE 12-ാാം ക്ളാസ് പരീക്ഷ പേപ്പറുകളുടെ പുനഃപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസരം ഇന്ന് അവസാനിക്കും. ഇന്ന് അർധരാത്രി വരെ അപേക്ഷ സമർപ്പിക്കാനുള്ള പോർട്ടൽ തുറന്നിരിക്കുമെന്നു CBSE അറിയിച്ചു.

&&&&&&&&&&&&&&&&&&

## PLUS ONE ALLOTMENT

കേരളത്തിൽ ഹയർസെക്കണ്ടറി പ്രവേശനത്തിന്റെ ട്രയൽ അലോട്ട്മെന്റ് നാളെ പ്രസിദ്ധീകരിക്കും. 388 സ്കൂളുകളിലേക്കുള്ള ട്രയൽ അലോട്ട്മെന്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. admission.vhseportal.kerala.gov.in ലാണ് ഫലം ലഭ്യമാകുക. ലോഗിൻ പേജിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫോൺ നമ്പറും പാസ്‌വേഡും നൽകി പരിശോധിക്കാം. ആവശ്യമായ തിരുത്തലുകൾക്ക് ഈ മാസം പത്ത് വരെ അവസരമുണ്ട്.

&&&&&&&&&&&&&&&&&&

## ANUPRIYA PATEL - INTERVIEW- INTRO

രാജ്യത്ത് സമഗ്ര ഡിജിറ്റൽ ആരോഗ്യ ആവാസവ്യവസ്ഥ വളർത്തിയെടുക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ സഹമന്ത്രി അനുപ്രിയ പട്ടേൽ. ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻറെ ഭാഗമായി രാജ്യത്ത് ഇതുവരെ 90 കോടിയിലധികം 'ആഭ' തിരിച്ചറിയൽ കാർഡുകൾ സൃഷ്ടിച്ചതായി കേന്ദ്ര സഹമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## GOVT-LPG

അന്താരാഷ്ട്ര തലത്തിൽ എൽപിജി വിലയിൽ വൻ വർധനയുണ്ടായിട്ടും ആഗോളതലത്തിൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് പാചക വാതകം ലഭ്യമാകുന്നത് ഇന്ത്യയിലെ കുടുംബങ്ങൾക്കാണെന്ന് കേന്ദ്ര സർക്കാർ. ഗാർഹിക ആവശ്യങ്ങൾക്കുള്ള എൽപിജി പാചകവാതക സിലിണ്ടറിന്റെ വില 29 രൂപ ഇന്നു വർധിപ്പിച്ചിരുന്നു. അമേരിക്ക, ഓസ്ട്രേലിയ, കാനഡ തുടങ്ങിയ വികസിത സമ്പദ്‌വ്യവസ്ഥകളിലെ വിലയെ അപേക്ഷിച്ച് വളരെ കുറവാണ് ഇന്ത്യയിലെ എൽ പി ജി വിലയെന്ന് പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM-MAJOR BARAK

ഐക്യരാഷ്ട്രസഭ Military Gender Advocate പുരസ്കാരം ലഭിച്ച മേജർ അഭിലാഷ ബരാക്കിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. മേജർ അഭിലാഷ ബരാക്കിന്റെ മാതൃകാപരമായ സേവനത്തിനും UN സമാധാന പ്രവർത്തനങ്ങൾക്ക് ഇന്ത്യ നൽകിയ ദീർഘകാല സംഭാവനയ്ക്കുമുള്ള അംഗീകാരമാണ് ബഹുമതിയെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## JITENDRA-12 YEARS

കഴിഞ്ഞ 12 വർഷത്തിൽ കേന്ദ്ര സർക്കാർ ഇന്ത്യയെ അവസരങ്ങൾ, നവീകരണം, ആത്മവിശ്വാസം എന്നിവയാൽ നയിക്കപ്പെടുന്ന രാഷ്ട്രമാക്കി മാറ്റിയതായി കേന്ദ്ര മന്ത്രി

ജിതേന്ദ്ര സിംഗ്. ബഹിരാകാശം ഉൾപ്പടെയുള്ള തന്ത്രപരമായ മേഖലകളിൽ സ്വകാര്യ പങ്കാളിത്തം ക്ഷണിക്കുന്നത് പ്രധാന നയം മാറ്റത്തിന്റെ അടയാളമാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## SHIGELLA

കേരളത്തിൽ ഷിഗെല്ല രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പരിശോധന കർശനമാക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് നിർദ്ദേശം നൽകിയതായി ആരോഗ്യമന്ത്രി കെ മുരളീധരൻ. സംസ്ഥാനത്ത് ഒരു മരണം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കൂടുതൽ ജാഗ്രതയോടെ മുന്നോട്ടുപോകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. വൃത്തിഹീനമായ ഹോട്ടലുകളും തട്ടുകടകളും പ്രവർത്തിക്കാൻ അനുവദിക്കില്ലെന്നു മന്ത്രി പറഞ്ഞു. വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണ സാമ്പിളും വെള്ളവും പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ കാലവർഷം ശക്തി പ്രാപിക്കുന്നു. ബുധനാഴ്ച വരെ ഇടിമിന്നലോടു കൂടിയ വ്യാപക മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## IDUKKI - INTRO

ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ മലയോര മേഖലകളിൽ രാത്രിയാത്രാ നിരോധനം ഏർപ്പെടുത്തി.

**വിശദാംശങ്ങളുമായി ആകാശവാണി ഇടു ക്കി ജില്ലാ പ്രതിനിധി രതീഷ് കൃ ഷ്ണ....**

(വോയിസ്)

**&&&&&&&&&&&&&&&&&&**

## REV. DAY IMD WEATHER

തെക്കുപടിഞ്ഞാറൻ കാലവർഷം ശക്തി പ്രാപിക്കുന്നതോടെ വരും ദിവസങ്ങളിൽ രാജ്യത്തുടനീളം വ്യാപകമായ മഴ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തീരദേശ കർണാടക, മാഹി, പശ്ചിമ ബംഗാൾ, കൊങ്കൺ, ഗോവ, ലക്ഷദ്വീപ്, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നാളെ കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. അതേസമയം, ഡൽഹി, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഢ്, രാജസ്ഥാൻ, തീരദേശ ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ അടുത്ത നാല് ദിവസം ഉഷ്ണതരംഗത്തിന് സാധ്യതയുണ്ട്.

**&&&&&&&&&&&&&&&&&&**

## CRICKET

ഇന്ത്യക്കെതിരായ ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിനം കളി അവസാനിക്കുമ്പോൾ അഫ്ഗാനിസ്ഥാൻ 5 വിക്കറ്റിന് 113 റൺ എന്ന നിലയിൽ. 8 വിക്കറ്റിന് 564 റൺ നേടി ഇന്ത്യ ഒന്നാം ഇന്നിങ്സ് ഡിക്ലയർ ചെയ്തിരുന്നു. നിലവിൽ 451 റൺ

പിന്നിലുള്ള അഫ്ഗാൻ ഫോളോ ഓൺ ഭീഷണിയിലാണ്. ചണ്ഡീഗഢിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## PM- SAFF

സാഫ് ചാമ്പ്യൻഷിപ്പ് കിരീടം നേടിയ ഇന്ത്യൻ വനിതാ ഫുട്ബോൾ ടീമിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. കൂടുതൽ യുവാക്കളെ ഫുട്ബോളിലേക്ക് ആകർഷിക്കാൻ ഈ വിജയം കാരണമാകുമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## FRENCH OPEN 2026

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനലിൽ, ജർമനിയുടെ അലക്സാണ്ടർ സ്വരേവും ഇറ്റലിയുടെ ഫ്ലാവിയോ കോബോളിയും ഏറ്റുമുട്ടുന്നു. ഇന്നലെ നടന്ന വനിതാ സിംഗിൾസിൽ റഷ്യൻ താരം മിറാ ആൻഡ്രെവ കിരീടം നേടി.

&&&&&&&&&&&&&&&&&&

## WRESTLING

മംഗോളിയയിൽ നടക്കുന്ന ഉലാൻബാതർ ഓപ്പണിൽ കുതിപ്പ് തുടർന്ന് ഇന്ത്യൻ ഗുസ്തി താരങ്ങൾ. പുരുഷന്മാരുടെ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ ഇന്ത്യ രണ്ട് സ്വർണ്ണവും രണ്ട് വെങ്കലവും നേടി. 61 കിലോഗ്രാം വിഭാഗത്തിലും ഇന്ത്യ സ്വർണം നേടി.

&&&&&&&&&&&&&&&&&&

## INDIAN MISSION DUBAI

ജോലിക്കായി എത്തി, ഗൾഫിൽ കുടുങ്ങിയ ഒഡിഷ സ്വദേശിനിയെ ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ് നാട്ടിലെത്തിച്ചു. 2022 മുതൽ യുഎഇയിൽ ജോലി ചെയ്തിരുന്ന ഹസ്ത മഹാനന്ദയെയാണ് മടക്കിയെത്തിച്ചത്. മൂന്ന് വർഷമായി ഇവരെക്കുറിച്ചുള്ള വിവരം ലഭിക്കാതിരുന്നതിനെ തുടർന്ന് ആശങ്കയിലായ ബന്ധുക്കൾ അധികൃതരെ സമീപിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

**EU DELEGATION ASSAM**

യൂറോപ്യൻ യൂണിയനിൽനിന്നുള്ള ഉന്നതതല സംഘം നാളെ അസം സന്ദർശിക്കും. പുനരുപയോഗ ഊർജ്ജം, സുസ്ഥിര നഗര അടിസ്ഥാനസൗകര്യങ്ങൾ, ആരോഗ്യം, ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമയുമായി പ്രതിനിധികൾ ചർച്ച നടത്തും.

&&&&&&&&&&&&&&&&&&

**ANDHRA-YOGA**

അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി ആന്ധ്രാപ്രദേശ് സർക്കാർ യോഗാകേന്ദ്രം 2026 എന്ന പേരിൽ സംസ്ഥാനവ്യാപക പ്രചാരണം ആരംഭിച്ചു. ഈ മാസം 21 ന് അമരാവതിയിൽ നടക്കുന്ന അന്താരാഷ്ട്ര യോഗ ദിനാചരണ ചടങ്ങിൽ 14 ദിവസത്തെ പരിപാടിക്ക് സമാപനമാകും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&